Santhigiri

ഗുരുവാണി

"യഥാർത്ഥത്തിൽ നമുക്ക് എന്താണ് വേണ്ടത്? ഈ ജീവിതപാതകളിൽക്കൂടി സഞ്ചരിക്കുമ്പോൾ ഞങ്ങൾക്ക് ഉണ്ടായിരിക്കേണ്ട അറിവൊന്നും ഞങ്ങളിലില്ല, ഞങ്ങൾക്കുവേണ്ട അറിവെല്ലാം തരണം എന്ന് കരഞ്ഞപേക്ഷിച്ച് എന്തുചെയ്യുമ്പോഴും പ്രാർത്ഥിക്കണം."

# ഉമ്മിണിതങ്കം

VOL 04 | ISSUE 26 | 2018 ജൂൺ 17 | 1193 മിഥുനം 3

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## അവുക്കാദർകുട്ടി നഹ സ്മാരക പുരസ്കാരം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക്

**തിരുവനന്തപുരം:** മുൻ ഉപ മുഖ്യമന്ത്രിയും മുസ്ലിം ലീഗ് നേതാവുമായിരുന്ന അവുക്കാദർകുട്ടി നഹയുടെ പേരിലുള്ള പുരസ്കാരം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് സമ്മാനിക്കും.

ജൂൺ 19ന് തിരുവനന്തപുരത്ത് വച്ച് നടക്കുന്ന ചടങ്ങിൽ നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണനിൽ നിന്ന് സ്വാമി പുരസ്കാരം ഏറ്റുവാങ്ങും. നന്ദാവനം പാണക്കാട് ഹാളിൽ വൈകുന്നേരം അഞ്ചിന് നടക്കുന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അദ്ധ്യക്ഷത വഹിക്കും. സാമൂഹ്യ സാംസ്കാരികരംഗത്തെ പ്രമുഖർ സംബന്ധിക്കും. 25,000 രൂപയും ഫലകവും പൊന്നാടയും അടങ്ങുന്നതാണ് പുരസ്കാരം.



സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

ജീവകാരുണ്യ-സാമൂഹിക സേവനരംഗത്തെ മികച്ച പ്രവർത്തനത്തിന് കേരള സഹൃദയവേദി ഏർപ്പെടുത്തിയിട്ടുള്ളതാണ് അവുക്കാദർക്കുട്ടി നഹ സ്മാരക പുരസ്കാരം. ശാന്തിഗിരി ആശ്രമത്തിന്റെ മേൽനോട്ടത്തിൽ ഇപ്പോൾ നടത്തിവരുന്ന പാവപ്പെട്ടവർക്ക് ഭവനങ്ങൾ നിർമ്മിച്ചു നല്കുന്നതടക്കമുള്ള സേവനപ്രവർത്തനങ്ങളെ മുൻനിർത്തിയാണ് പുരസ്കാരം നല്കുന്നതെന്ന് അവാർഡ് കമ്മിറ്റി ചെയർമാനും മുൻമന്ത്രിയുമായ കുട്ടി അഹമ്മദ് കുട്ടി, കേരള സഹൃദയവേദി പ്രസിഡന്റ് ചാന്നാങ്കര എം.പി. കുഞ്ഞ് എന്നിവർ അറിയിച്ചു.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന്

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ഇന്ന് രാവിലെ 7.30 ന് റിസർച്ച് സോൺ കമ്യൂണിറ്റി ഹാളിൽ വച്ച് നടക്കും. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ജനനി സുപഥ ജ്ഞാനതപസ്വിനി മുഖ്യപ്രഭാഷണം നടത്തും. പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിക്കൽ, കലാപരിപാടികൾ എന്നിവയും ഉണ്ടായിരിക്കും.

## ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം യൂണിറ്റ് കോഡിനേറ്റർമാർ

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘത്തിന്റെ യൂണിറ്റ് കോഡിനേറ്റർമാരുടെ പുതുക്കിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**ആനന്ദപുരം-** സജീവ് ചന്ദ്രൻ ബി.എസ്., ബിജേഷ് കുമാർ വി., സുലത സുഭാഷ്, ബൈജു ജെ., അജിത നെന്നിംഗ്, ബാബു റ്റി. ആർ, ഗീതാ കുമാരി എസ്., അനിൽകുമാർ വി.

**ജനസേവികപുരം –** കൃഷ്ണൻകുട്ടി കെ., ബാലകൃഷ്ണപിള്ള കെ., ബാബുരാജ് എൻ.പി., ഹേന രാജ് ആർ.എസ്., മുരളീധരൻ പിള്ള എം.പി., സരസ്വതി കെ., ഉണ്ണി ഉല്ലാസ് കെ., അജിത എ.

**ജ്യോതിപുരം –** സ്മിജേഷ് എസ്.എം., രാധാമണി കെ., സജിത്ത് കെ., മോഹനൻ പി.ബി., അജിത്ത് കുമാർ പി., രാധാമണി എസ്., പ്രസാദ് പി., സിന്ധുലക്ഷ്മി എം.പി.

**കാഞ്ഞാംപാറ-** ജയശീലൻ വി.ഡി., മോഹനൻ ജി., കൃഷ്ണകുമാർ സി., ഷിജിന പി., ദീപ്തി എസ് വിദ്യ, ഉദയകുമാർ വി., രാകേഷ് ജി.ആർ., ദീപാമോൾ റ്റി.കെ., സിന്ധു റ്റി.റ്റി.

*(ശേഷം മൂന്നാം പേജിൽ)*




*ശാന്തിഗിരി വിദ്യാഭവൻ*

## ശാന്തിഗിരി വിദ്യാഭവനിൽ 'അടൽ തിങ്കറിംഗ് ലാബ്'

**എഡ്യൂക്കേഷൻ സോൺ:** വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരംഭിക്കുന്ന അടൽ തിങ്കറിംഗ് ലാബ് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലും. രാജ്യത്താകമാനം 10 ലക്ഷം ശാസ്ത്ര സാങ്കേതിക പ്രതിഭകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ തുടക്കമിട്ട അടൽ ഇന്നൊവേഷൻ പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്ത് 500 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് പത്ത് ലക്ഷം രൂപയും തുടർചെലവുകൾക്കായി അഞ്ചു വർഷത്തേയ്ക്ക് പത്ത് ലക്ഷം രൂപയുമാണ് ഓരോ സ്കൂളിനും അനുവദിക്കുക.

നാളത്തെ ലോകത്തിനായി നേരിന്റെ ബാല്യങ്ങളെ വളർത്തിയെടുക്കുന്ന വിദ്യാലയമാണ് ശാന്തിഗിരി വിദ്യാഭവൻ. നാല് ദശാബ്ദങ്ങൾക്കു മുമ്പ് ഒരു വൃക്ഷച്ചുവട്ടിൽ നാലു വിദ്യാർത്ഥികളുമായി തുടങ്ങിയ ഈ വിദ്യാലയത്തിനു പിന്നിൽ വലിയൊരു ഗുരുസങ്കല്പമുണ്ടായിരുന്നു. മനുഷ്യജീവിതത്തിന്റെയും പ്രകൃതിയുടെയും സന്തുലിതാവസ്ഥ തെറ്റിച്ച സകല ശാസ്ത്രങ്ങളെയും സിദ്ധാന്തങ്ങളെയും തിരുത്തുക, ശുദ്ധമായ അറിവിന്റെ അന്തർധാരയെ ഓരോ ജീവനിലും ഉണർത്താനുതകുന്ന മാർഗദർശനം നല്കുക, സ്വധർമ്മം അനുഷ്ഠിച്ചുകൊണ്ട് വീടിനും നാടിനും ലോകത്തിനും നന്മ ചെയ്യുന്ന മക്കളുടെ സൃഷ്ടിക്ക് നിദാനമാവുക എന്നിവയായിരുന്നു അത്. ഗുരുവിന്റെ കർമ്മഭൂമിയിലെത്തുന്ന ഓരോ പിഞ്ചുഹൃദയത്തിലും സത്ഗുണങ്ങളുടെയും കർമ്മശേഷിയുടെയും സൂക്ഷ്മകണങ്ങൾ നിക്ഷേപിക്കുന്ന ശാന്തിഗിരി വിദ്യാഭവൻ ഇന്ന് വളർച്ചയുടെ പുതിയ പടവുകൾ താണ്ടുകയാണ്.



# ഗുരുവാണി

നിങ്ങളുടെ തെറ്റും ശരിയും കണ്ടിട്ട്, തെറ്റ് ഏതെങ്കിലും വിധത്തിൽ ശരിയാക്കിയെടുക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ അത് നിവർത്തിപ്പിക്കാനാണ് ഞാൻ വന്നത്. ആ വിധത്തിൽ നിങ്ങൾ ഗുരുവിനെ അറിയണം. അല്ലെങ്കിൽ അബദ്ധം പറ്റും. ഗുരുവിന്റെ പേരിൽ എന്തെങ്കിലും ചെലവാക്കാൻ തന്നെ വൈഷമ്യം വരും. ഗുരു എന്തെന്ന ഭാഗം അറിഞ്ഞല്ലാതെ ആ വിഷമം അറ്റുപോകില്ല. ഒരു ദൃഷ്ടാന്തം പറയാം, ഒരു വലിയ രാജകുടുംബത്തിന്റെ ചരിത്രമാണ്. അതിന് അയാൾ സൂത്രത്തിൽ വീടുവിട്ടുപോയതാണെന്നൊരു ചരിത്രം ചമച്ചിട്ടുണ്ട്. അങ്ങനെ സൂത്രത്തിൽ പോയതല്ല. അയാൾ ഗുരുസിദ്ധാന്തമനുസരിച്ച് ജീവിച്ചുപോയ ആളാണ്. സ്വന്തം ഗുരു അയാളോട് പറഞ്ഞു: നിനക്ക് എല്ലാം ഉണ്ട്, പക്ഷേ മക്കൾ ഉതകാത്ത ഒരു കാര്യം വന്നുചേരും. മക്കൾക്ക് വിധിയില്ലാത്തതിന് എന്തുചെയ്യണം? കർമം ചെയ്യാം, സകല കർമങ്ങളും ചെയ്യാം. ഇവൻ പലപ്പോഴും ഭാര്യയോടു ചോദിച്ചു: 'ഞാൻ പോയാൽ പിന്നെ നീ എന്തുചെയ്യും? ഞാൻ ഇരന്നുപോകും. അതുകൊണ്ട് ഞാനും കൂടെ ചാവും' (*മരുമക്കത്തായമാണല്ലോ*). ശരി അങ്ങനെയാകാം. ഇതൊന്നു പരീക്ഷിക്കണമെന്ന് ഇവൻ തീരുമാനിച്ചു. ഭർതൃഹരിയുടെ അടുത്തു ചെന്ന് ഇവൻ യോഗാഭ്യാസം ശീലിച്ചു. അതിലൂടെ യാമം തൊട്ട് യാമം വരെ ശ്വാസംപിടിച്ചു കിടക്കാൻ പരിശീലനം നേടി. അങ്ങനെ ഒരു ദിവസം ആഹാരമൊക്കെ കഴിച്ച് വെറ്റിലയും മടക്കി അങ്ങനെയിരുന്നുകൊണ്ട് ഇവൻ വീണ്ടും പറഞ്ഞു: 'നിനക്കു വിധിയില്ല എന്ന് ഗുരു പറഞ്ഞിരിക്കുകയാണ്.' ഇവൻ രാജാവാണ്. രാജാവായ ഇവൻ, മക്കളോ അതുപോലുള്ള ഒന്നും ഇല്ലാതായപ്പോൾ കൂടെച്ചാവും എന്ന് ഭാര്യ പറഞ്ഞത് ശരിയാണോ എന്നറിയാൻ ഒരു വേലചെയ്തു. ഇവൻ യോഗം അഭ്യസിച്ചിരുന്നതുകൊണ്ട്, ശ്വാസം പിടിച്ച് ബോധംകെട്ടതുപോലെ കിടന്നു. അപ്പോൾ ഭാര്യ വിചാരിച്ചു, പോയതുതന്നെ. ഇവർ നെഞ്ചിലിടിക്കുകയും അലമുറയിടുകയും ചെയ്തില്ല. കാരണം അടുത്ത് ഭർത്താവിന്റെ സഹോദരിയുണ്ട്. സഹോദരിയും മക്കളുംകൂടി വന്ന് സമ്പാദ്യമൊക്കെ എടുത്തുകൊണ്ടുപോകും. അതുകൊണ്ട് അടിയും പിടിയുമൊന്നും വേണ്ടെന്നുവച്ച് കരച്ചിലൊക്കെ ഒതുക്കിപ്പിടിച്ചുകൊണ്ട് സ്വർണനാണയങ്ങളും വിലപിടിപ്പുള്ള വസ്തുക്കളുമൊക്കെ കാളവണ്ടിയിൽ കയറ്റിവിട്ടു. ഇയാൾ കിടക്കുന്നതിന്റെ മുകളിൽ ഒരു സ്വർണക്കുല കെട്ടിത്തൂക്കിയിട്ടിരുന്നു. ഇതെടുക്കാൻ നിവൃത്തിയില്ല. അതിന് ഒരുപായം കണ്ടുപിടിച്ചു. ഒരു കട്ടിയുള്ള പുതപ്പെടുത്ത് ഈ ശരീരം മൂടിയിട്ടിട്ട് അതിൽ കയറിനിന്നുകൊണ്ട് ഈ സ്വർണക്കുല അഴിച്ചെടുത്ത് വണ്ടിയിൽ കൊണ്ടുവച്ചു. അതുകഴിഞ്ഞ് തിരിച്ചുവന്ന് അടിയും വിളിയുമൊക്കെ തുടങ്ങി. അപ്പോൾ ഇവന് ബോധവും വന്നു.

പിന്നീടവൻ ഒരു കഷ്ണം തുണിയെടുത്ത് രണ്ടായിക്കീറി ഒരു കഷ്ണം കൗപീനമാക്കി, ഒരു കഷ്ണം അരയിൽ ഉടുത്ത് ഇറങ്ങിപ്പോയി. വീണ്ടും ഇവൻ തിരിച്ചുവന്ന്, ഉള്ളതെല്ലാം കിട്ടിയ വിലയ്ക്കു വിറ്റു. സ്വർണ്ണനാണയങ്ങളും മറ്റും സഹോദരിക്കു കൊടുത്തു. മറ്റു ബന്ധുക്കൾക്കും കൊടുത്തു. ബാക്കിയുള്ളവ വാരി ഭിക്ഷ കൊടുത്തു. ഭിക്ഷ കൊടുത്തു എന്നുവച്ചാൽ പാവങ്ങൾക്കു കൊടുത്തു. പാവങ്ങൾക്കല്ല, ഭിക്ഷുക്കൾക്ക് (സാധുക്കൾ) ആണ് ഭിക്ഷ കൊടുക്കേണ്ടത്. അതവന് അറിയില്ല. പിന്നെ ഇവൻ ഇറങ്ങിപ്പോയി. പലകാലം അങ്ങനെ തെണ്ടി നടന്നു. കൂട്ടത്തിൽ സഹോദരിയുടെ വീട്ടിലും ഭിക്ഷയ്ക്കു പോകും. ഇവൻ ഇങ്ങനെ തെണ്ടിയായിട്ടു വാതിൽക്കൽ വരുന്നത് ഇവർക്കു നാണക്കേടായി. അതുകൊണ്ട് ജീവിച്ചിരിക്കാൻ പാടില്ല എന്നവർ നിശ്ചയിച്ച്, ഒരടയുണ്ടാക്കി കയ്യിൽക്കൊണ്ടു കൊടുത്തു. അതവൻ സന്തോഷമായിട്ടു വാങ്ങിയിട്ട് ഇങ്ങനെ പറഞ്ഞു എന്നാണ് പറയുന്നത്: 'ഓട്ടട വീട്ടെച്ചുടും.' അങ്ങനെ ഈ സഹോദരിയുടെ വീടും അവസാനം കത്തിപ്പോയത്രേ. ഇങ്ങനെയൊരു ചരിത്രമുണ്ട്.

ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്, ആരൊക്കെ കൂടെച്ചാവും എന്നുപറഞ്ഞാലും, മറ്റെന്തു പറഞ്ഞാലും സംഗതി ഇങ്ങനെയൊക്കെയേ വരൂ. ആരും കൂടെ വരാൻ ഇല്ലാത്തപ്പോൾ കൂടെ വരുന്നത് ആ സത്യം മാത്രം. ആ സത്യത്തിനുവേണ്ടി ആർക്കൊക്കെ എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ യാതൊരു വിഷമവും കൂടാതെ ചെയ്യുക എന്നുപറയലാണ് എന്റെ ജോലി. ഇങ്ങനെയേ നിങ്ങളുടെ കെടുതികൾ എനിക്ക് നിവർത്തിക്കാൻ കഴിയൂ.

## വചനദീപ്തി

**"ഭക്തിയതിൽ പരമോന്നതഭാവം**
**ഭക്തനു ഗുരുവും ദൈവവുമൊന്നേ**
**ഏകാന്താദ്വയ ഭാവമതത്രെ**
**ഭജ ഭജ നീയും ഗുരുവെത്തന്നെ"**

കരുണാകരജയ (ഗുരുസ്തുതി)

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2018 ജൂൺ 21 – ശാന്തിപുരം, രത്നഗിരി

## യാമപ്രാർത്ഥന

2018 ജൂൺ 21 വ്യാഴം

## ജന്മഗൃഹ തീർത്ഥയാത്ര

2018 ജൂൺ 23 ശനി



# ശിഷ്യന്റെ മഹത്വീകരണം സാധിക്കുന്ന ആത്മബന്ധം

ത്യാഗപൂർണ്ണിമയുടെ അഭൗമ കാന്തിയിൽ നിന്നും പൊന്തിമുളയ്ക്കുന്ന അനുഭവം, അനുഭവസാക്ഷാത്കാരം. പ്രശാന്തവും പ്രവിശാലവുമായ പ്രപഞ്ചത്തിന്റെ സൗമ്യവിതാനം നിറഞ്ഞ് ആ പൂർണ്ണപുണ്യം കവിഞ്ഞൊഴുകുന്നു. അത് അറിവാൽ നിറഞ്ഞ്, അറിവായി ഒഴുകുന്നു. വീണ്ടും തുളുമ്പി ഒഴുകി, വീണ്ടും അറിഞ്ഞ്, അറിവു നൊമ്പരമായി, നൊമ്പരത്തിലെ ആനന്ദമായി, അനുഭവത്തിന്റെ സുകൃതധാരയായി, ആ പരിപൂർണതയിൽ ലീനമായി നിത്യാനുഭവമായി, അങ്ങനെ ഞാൻ ഞാനായിത്തീരുകയാണ്.

ആരായിരുന്നു ഞാൻ? ആദിയിൽ അറിവ് തീരെയില്ലാത്ത നിശ്ചലതയായിരുന്നു ഞാൻ. സദാ അഴുക്കു സ്രവിക്കുന്ന തുരുത്തായിരുന്നു എന്റെ ജീവൻ. ഇന്നെനിക്കു സ്വകർമത്തെ ആത്മനിവേദിതഭാവങ്ങളിലേക്കെത്തിക്കാൻ കഴിയുന്നു. അത്യന്തം മനോഹരവും അപൂർവ്വ ചാരുതയുമുള്ള ആത്മദർശനങ്ങളുടെ ഉടമയാണ് ഞാനിന്ന്. അതിനുള്ള ആത്മപുണ്യം എന്റെ ആത്മാവിൽ നിറച്ചുതന്നത് എന്റെ ഗുരുവാണ്.

ജന്മാന്തരസഞ്ചിതമായ എന്റെ അഴുക്കുകളെ അവിടുന്ന് സ്വയം ഏറ്റെടുത്തുകൊണ്ട്, അഴുക്കിന്റെ ഉടമയായും, അഴുക്കിനുള്ള അനിവാര്യമായ ശിക്ഷ സ്ഥൂലത്തിലും സൂക്ഷ്മത്തിലും നിന്ന് അനുഭവിച്ചും, ത്യാഗത്തിന്റെ തീച്ചൂളയിൽ നീറിക്കൊണ്ട് ആ അമൃതസ്വരൂപം എനിക്കായി പങ്കുവെയ്ക്കുകയാണ്. ശിഷ്യനെ നിറവുകളിലേക്കാനയിക്കുന്നതിനുവേണ്ടിയുള്ള ഗുരുവിന്റെ പങ്കിടൽ ഇതാണ്. ശിഷ്യന്റെ മഹത്വീകരണം സാധിക്കുന്ന ആത്മബന്ധം – ഗുരുശിഷ്യപാരസ്പര്യം!

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഗുരുവാണ് ദൈവം

പാണ്ഡവർക്ക് ഒരു സൂചി കുത്താൻപോലും ഇടം നല്കില്ലെന്ന് ദുര്യോധനൻ ശഠിച്ചതോടെ കുരുക്ഷേത്രയുദ്ധത്തിനു കളമൊരുങ്ങി. യുദ്ധമല്ലാതെ മറ്റു പോംവഴിയൊന്നും ആരും കണ്ടില്ല. യുദ്ധത്തിൽ കിട്ടാവുന്ന സഹായങ്ങളെല്ലാം നേടിയെടുക്കാൻ ഇരുവിഭാഗവും കിണഞ്ഞുശ്രമിച്ചു. ഈ സമയം ശകുനി ദുര്യോധനനോട് ചില തന്ത്രങ്ങൾ ഉപദേശിച്ചു. ശ്രീകൃഷ്ണനെ ശത്രുവാക്കരുത് എന്നതായിരുന്നു അതിൽ പ്രധാനം. കാരണം ആയുധശക്തിയിലും സൈനികബലത്തിലും കൃഷ്ണൻ അഗ്രഗണ്യനാണ്. ശ്രീകൃഷ്ണൻ മറുഭാഗത്തു ചേർന്നാൽ ദോഷമാകും. ശകുനിയുടെ തന്ത്രത്തോട് ദുര്യോധനന് മതിപ്പു തോന്നി. കേട്ടപാടെ ഏറ്റവും വേഗതകൂടിയ കുതിരകളെ പൂട്ടിയ തേരിൽ ദുര്യോധനൻ ദ്വാരകയിലേക്കു പാഞ്ഞു. ക്രാന്തദർശിയായ ശ്രീകൃഷ്ണൻ ദുര്യോധനന്റെ വരവ് നേരത്തെ മനസിലാക്കിയിരുന്നു. അദ്ദേഹം ഉറക്കം നടിച്ചുകിടന്നു. കൊട്ടാരത്തിലെ അന്ത:പ്പുരത്തിലെത്തിയ ദുര്യോധനൻ നോക്കുമ്പോൾ കൃഷ്ണൻ ഉറക്കത്തിലാണ്. ഉറങ്ങുന്നയാളെ വിളിച്ചുണർത്തുന്നത് മാന്യതയല്ലല്ലോ എന്നു കരുതി ദുര്യോധനൻ അടുത്തുകണ്ട ഭദ്രപീഠത്തിൽ തന്നെ ഇരിപ്പുറപ്പിച്ചു. അല്പം കഴിഞ്ഞപ്പോൾ ശ്രീകൃഷ്ണന്റെ സഹായം തേടി അർജ്ജുനനും അവിടെയെത്തി. അദ്ദേഹം ഭയഭക്തിയോടുകൂടി ശ്രീകൃഷ്ണന്റെ കാൽക്കൽ പ്രാർത്ഥിച്ചുകൊണ്ട് നിന്നു. ദുര്യോധനനെ സംബന്ധിച്ച് കൃഷ്ണൻ വെറുമൊരു മനുഷ്യൻ മാത്രം. എന്നാൽ അർജ്ജുനനാകട്ടെ ശ്രീകൃഷ്ണൻ തന്റെ എല്ലാമാണ്. തന്റെ ഹൃദയേശ്വരനും ഈ അഖിലാണ്ഡമണ്ഡലമാകെ അദൃശ്യനായി നില്ക്കുന്ന ചൈതന്യസ്വരൂപനായ ഗുരുവുമാണ്. ഒരാൾ ശ്രീകൃഷ്ണന്റെ ആത്മരൂപത്തെ തിരിച്ചറിയുന്നു. മറ്റൊരാൾ കൃഷ്ണന്റെ ബാഹ്യരൂപം മാത്രം കാണുന്നു. ഒരാൾ പുണ്യവാനും മറ്റേയാൾ ആത്മപുണ്യമില്ലാത്തവനും. മനുഷ്യരാശിയെ മൊത്തം എടുത്തു പരിശോധിച്ചാൽ എക്കാലവും ഇങ്ങനെ രണ്ടു വിരുദ്ധസ്വഭാവക്കാർ ഉണ്ടായിരുന്നു എന്നു കാണാം. ഗുരുക്കന്മാരെ നിഷേധിച്ചവരും ഉൾക്കൊണ്ടവരും. ആത്മഭാഗ്യമില്ലാതെ അകക്കണ്ണ് അടഞ്ഞുപോയവർക്ക് വെളിച്ചവുമായെത്തുന്ന മഹാജ്ഞാനികളെ തിരിച്ചറിയാൻ പറ്റിയെന്നു വരില്ല.

ശ്രീകൃഷ്ണൻ ഉറക്കത്തിൽ നിന്നും എണീറ്റുനോക്കുമ്പോൾ ആദ്യം കണ്ടത് കാൽച്ചുവട്ടിൽ നില്ക്കുന്ന അർജ്ജുനനെയാണ്. അർജ്ജുനൻ തന്റെ ആവശ്യം അറിയിച്ചു. അപ്പോഴാണ് എതിർഭാഗത്തിരിക്കുന്ന ദുര്യോധനനെ ശ്രീകൃഷ്ണൻ കാണുന്നത്. അദ്ദേഹത്തോടും കുശലപ്രശ്നങ്ങൾ നടത്തി, യഥോചിതം സ്വീകരിച്ചിരുത്തി. ദുര്യോധനൻ പറഞ്ഞു: "കൃഷ്ണാ, കുരുക്ഷേത്രയുദ്ധം തീരുമാനിച്ചുകഴിഞ്ഞിരിക്കുകയാണല്ലോ. ഈ യുദ്ധത്തിൽ അങ്ങ് എന്നെ സഹായിക്കണം. അങ്ങയുടെ സഹായം അഭ്യർത്ഥിക്കാനാണ് ഞാൻ വന്നത്. മാത്രമല്ല സഹായാഭ്യർത്ഥനയുമായി ആദ്യം വന്നതും ഞാനാണ്."
ശ്രീകൃഷ്ണൻ പറഞ്ഞു: "താങ്കളാണ് ആദ്യം വന്നതെങ്കിലും ഞാൻ ആദ്യം കണ്ടത് അർജ്ജുനനെയാണ്. എനിക്ക് നിങ്ങൾ രണ്ടുപേരും ഒരു പോലെയാണ്."
എന്നിട്ട് അല്പം ആലോചിച്ചശേഷം പറഞ്ഞു: "ഞാൻ ഒരു കാര്യം ചെയ്യാം, എന്റെ സൈന്യവും ആയുധങ്ങളും ഒരു പക്ഷത്തിനു നല്കാം. മറുപക്ഷത്ത് ഞാൻ നേരിട്ടു യുദ്ധത്തിൽ പങ്കെടുക്കുകയോ ആയുധം കൈകൊണ്ടു തൊടുകയോ ചെയ്യാതെ നിലകൊള്ളും. നിങ്ങൾക്ക് ഏതു വേണമെങ്കിലും തെരഞ്ഞെടുക്കാം?" വരങ്ങളും ദാനങ്ങളും നല്കുമ്പോൾ പ്രായം കുറഞ്ഞയാളിനെ ആദ്യം പരിഗണിക്കണമെന്ന ന്യായത്തിൽ ആദ്യം അർജ്ജുനനോടായിരുന്നു ചോദ്യം. ഇവിടെ തന്റെ ഭക്തനായ അർജ്ജുനനോടുള്ള പരീക്ഷണം കൂടിയാണിത്. അർജ്ജുനൻ ഈ സന്നിദ്ധഘട്ടത്തിൽ തന്നെ എങ്ങനെ കാണുമെന്നുള്ള പരീക്ഷണം. ആയുധശേഷിയിലും സൈന്യബലത്തിലും അർജ്ജുനൻ വിശ്വാസമർപ്പിക്കുമോ? അതോ തന്റെ എല്ലാമായ ഗുരുവിൽ ശരണം പ്രാപിക്കുമോ? അർജ്ജുനൻ പറഞ്ഞു: ഭഗവാനേ, സൈന്യങ്ങളെയും ആയുധത്തെയും ദുര്യോധനന് വിട്ടുകൊടുത്തേയ്ക്കൂ. അങ്ങ് ആയുധം കൈകൊണ്ട് തൊടണമെന്നില്ല. നേരിട്ടു യുദ്ധത്തിൽ പങ്കെടുക്കണമെന്നുമില്ല. പക്ഷെ എനിക്ക് അങ്ങയെ മതി." അർജ്ജുനന്റെ വാക്കുകൾ കേട്ട് ശ്രീകൃഷ്ണൻ പുഞ്ചിരിതൂകി. ദുര്യോധനനും വലിയ സന്തോഷമായി. ശ്രീകൃഷ്ണന്റെ സൈനികശക്തി അർജ്ജുനൻ തട്ടിയെടുക്കുമോ എന്നു ഭയന്നിരിക്കുകയായിരുന്നു അദ്ദേഹം.

അർജ്ജുനനിലൂടെ ഒരു യഥാർത്ഥ ഭക്തനെ കാണിച്ചുതരികയാണ് വ്യാസമഹർഷി. തന്റെ ഗുരുവിന്റെ ശക്തിയിൽ സർവ്വവും സമർപ്പിച്ചു മാറിനില്ക്കുന്ന അർജ്ജുനനും ആയുധശക്തിയിലും സൈനികബലത്തിലും ആശ്രയിച്ച ദുര്യോധനനും നമ്മുടെ മുമ്പിൽ നില്ക്കുന്നു. അവസാനം കുരുക്ഷേത്രം എന്തായി എന്നും നമുക്കറിയാമല്ലോ. ദുര്യോധനനെ സംബന്ധിച്ച് ശ്രീകൃഷ്ണൻ വെറുമൊരു വ്യക്തി മാത്രം. അർജ്ജുനനാകട്ടെ യോഗയോഗേശ്വരനായ അജയ്യശക്തിയും.

# വർഷകാല ആരോഗ്യപരിചരണം

ജലം മനുഷ്യന് എന്നും അമൂല്യമാണ്. മനുഷ്യശരീരത്തിലും, മനുഷ്യർ വസിക്കുന്ന ഭൂമിയിലും, അന്തരീക്ഷത്തിലും പ്രകൃതിയിലുമെല്ലാം തിങ്ങിനിൽക്കുന്ന ജലസാന്നിധ്യം നമ്മുടെ ആരോഗ്യവുമായി വളരെയേറെ ബന്ധപ്പെട്ടു നില്കുന്നു. മനുഷ്യർ വാസത്തിനായും മറ്റും വികസിപ്പിച്ചെടുത്ത സംസ്കാരങ്ങളും, നഗരങ്ങളും എല്ലാം തന്നെ സമൃദ്ധമായി ജലം ലഭിക്കുന്ന സ്ഥലങ്ങളിൽ നിന്നാണ് ആരംഭിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ജലവുമായി ബന്ധപ്പെട്ടുവരുന്ന അന്തരീക്ഷ മാറ്റങ്ങളും, ജലമലിനീകരണവും എല്ലാം നമ്മുടെ ആരോഗ്യത്തെ വളരെ വേഗത്തിൽ നശിപ്പിക്കാനും പര്യാപ്തമാണ്. അത്തരത്തിൽ വരുന്ന സാഹചര്യങ്ങളെ നേരിടുന്നതിനും രോഗങ്ങളിൽ നിന്ന് പ്രതിരോധിക്കുന്നതിനും ഒരു സുസ്ഥിരമായ ആരോഗ്യസംരക്ഷണത്തിനും ഭാരതത്തിന്റെ തനത് ചികിത്സാശാസ്ത്രമായ സിദ്ധവൈദ്യത്തിൽ ഒട്ടനവധി പ്രതിവിധികൾ സിദ്ധവൈദ്യ ആചാര്യന്മാർ പ്രതിപാദിച്ചിട്ടുണ്ട്.

നമ്മുടെ വർഷകാല, കർക്കടക ഋതുസമയങ്ങളിലും മേൽപറഞ്ഞ അനാരോഗ്യ സാഹചര്യങ്ങൾ തന്നെയാണ് നിലനിൽക്കുന്നത്. ശരീരത്തെ മതിയാംവണ്ണം ബലപ്പെടുത്തുകയും, രോഗപ്രതിരോധശേഷി വർധിപ്പിച്ചെടുക്കുകയും ചെയ്യുക എന്നതുതന്നെയാണ് ഈ കാലഘട്ടങ്ങളിൽ നമ്മൾ എടുക്കേണ്ട സമീപനം. മരുന്നുകൾക്ക് ഉപരിയായി നമ്മുടെ ഭക്ഷണം, ജീവിതചിട്ടകൾ, ശുചിത്വം, അന്തരീക്ഷശുദ്ധീകരണ പ്രക്രിയകൾ, കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ചും ഋതുക്കളെക്കുറിച്ചും ഉള്ള അറിവ് എന്നിവയെല്ലാം ചേർന്നുവരുന്ന ഒരു ആരോഗ്യസംസ്കാരം വികസിപ്പിച്ചെടുക്കകയാണ് വേണ്ടതെന്ന് സിദ്ധവൈദ്യം അനുശാസിക്കുന്നു.

സിദ്ധവൈദ്യപ്രകാരം 'മുതുവെനിൽ കാലം', 'കാർക്കാലം' എന്നീ ഋതുക്കൾ സന്ധിച്ചുവരുന്ന സമയമാണ് വർഷകാലം. ഈ കാലഘട്ടത്തിൽ ശരീരത്തിന്റെ തേജസ്സും, ദാഹവും കുറയും. ഉറക്കം കൂടുകയും വിശപ്പ് ശമിക്കുകയും ചെയ്യും. ശരീരത്തിന്റെ ഊഷ്മാവ് കുറയുകയും വാത-കഫരോഗങ്ങൾ വർധിക്കുകയും ചെയ്യും. ശരീരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നു. ഉഷ്ണകാലം കഴിഞ്ഞുള്ള മഴ ഭൂഗർഭജലത്തെ ചവർപ്പുള്ളതാക്കുന്നു. വർഷകാലം കൊണ്ടുവന്ന തണുപ്പിനെ ചെറുക്കാൻ ശരീരം ബാഹ്യമായി ഉഷ്ണിക്കുമെങ്കിലും ആന്തരിക ശരീരതാപം തണുപ്പായിരിക്കും. ഇതിനാലാണ് ദഹനപ്രക്രിയ മന്ദഗതിയിലാകുന്നത്. ശരീരത്തിലെ ത്രിദോഷങ്ങളുടെ സന്തുലിതാവസ്ഥ ക്രമം തെറ്റുന്ന സമയവും ഇതാണ്. ദഹനപ്രക്രിയയെ ക്രമമാക്കുന്നതിനു വിരേചനം, വമനം എന്നിവ ചെയ്തശേഷം വിശപ്പ് വരുത്തുന്നതരം മരുന്നുകൾ കഴിക്കണം. ദഹിക്കാൻ എളുപ്പമുള്ള ഭക്ഷണങ്ങൾ മാത്രം കഴിച്ചു ശീലിക്കണം. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന ജലകണികകൾ കാറ്റുകൊണ്ട് ശരീരത്തിൽ പറ്റുമ്പോഴാണ് പ്രധാനമായും ഈ കാലഘട്ടങ്ങളിൽ വാതകോപം ഉണ്ടാകുന്നത്. ഉഷ്ണിച്ചുനിൽക്കുന്ന ഭൂമിയിൽ വീഴുന്ന ജലകണിക ചവർപ്പ് രസമുള്ള നീരാവിയായി അന്തരീക്ഷത്തിൽ നില്കുന്നു. ഇത് ശരീരത്തിലെ പിത്തത്തെ വർധിപ്പിക്കുന്നു. വർഷകാലത്തിൽ അമിതമായി പെയ്യുന്ന മഴ കാരണം വരുന്ന ജലമലിനീകരണം നിമിത്തമാണ് പ്രധാനമായും ശരീരത്തിലെ കഫദോഷം വർധിക്കുന്നത്. ഇത്തരത്തിലാണ് വർഷകാലങ്ങളിൽ ശരീരത്രിദോഷങ്ങളുടെ സന്തുലിതാവസ്ഥ തെറ്റുന്നതും രോഗങ്ങൾക്ക് കാരണമാകുന്നതും എന്ന് സിദ്ധവൈദ്യത്തിൽ പറയുന്നു.

ഈ കാലഘട്ടങ്ങളിൽ ശരീരബലം വർധിപ്പിക്കുന്ന ഭക്ഷണങ്ങൾ തിരഞ്ഞെടുക്കണം. പരിപ്പുവർഗങ്ങൾ, ഉഴുന്ന്, ചെറുപയർ, പച്ചക്കറികൾ, പഴുത്ത പഴങ്ങൾ എന്നിവ ധാരാളമായി കഴിക്കണം. ധാന്യവർഗങ്ങളും ഇഞ്ചി, കുരുമുളക്, തിപ്പലി, ചെറുചൂടുള്ള തൈര്, ശുദ്ധമായ പാചക എണ്ണകൾ, തേൻ, കൊടുവേലി എന്നിവയെല്ലാം ആഹാരങ്ങളിലോ ഔഷധമായോ ഈ സമയങ്ങളിൽ കഴിക്കണം. മാംസാഹാരങ്ങൾ നല്ലവണ്ണം വേവിച്ചതിനുശേഷം മാത്രം ഉപയോഗിക്കുക. പുളിച്ച കള്ള് ഉപയോഗിച്ച് ഭക്ഷണം ഉണ്ടാക്കി ഉപയോഗിക്കാം.

വസ്ത്രങ്ങൾ ധരിക്കുമ്പോൾ ശരിയായി ഉണങ്ങി എന്ന് ഉറപ്പുവരുത്തുക. നനഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നത് വാത-കഫ രോഗങ്ങളെ വർധിപ്പിക്കും. ധരിക്കുന്ന വസ്ത്രങ്ങളിൽ ചന്ദന തൈലം പുരട്ടുന്നത് നല്ലതാണ്. കാൽപാദങ്ങൾ മുഴുവനായും ആവരണം ചെയ്യുന്ന രീതിയിലുള്ള ചെരുപ്പുകൾ ധരിക്കണം. ഒരു വർഷം പഴക്കമുള്ള അരി, പാചകത്തിനായി ഉപയോഗിക്കുന്നതാണ് ഉത്തമം. ഭക്ഷണത്തിൽ ചെറിയ തോതിൽ ഉപ്പുരസവും പുളിരസവും ചേർക്കണം. മോര് കഴിക്കുമ്പോൾ 5 വിധത്തിലുള്ള ദഹന ചേരുവകൾ ചേർക്കണം. കുടിവെള്ളത്തിന് കിണർവെള്ളം തിളപ്പിച്ച് ഉപയോഗിക്കുന്നതാണ് നല്ലത്. അനാവശ്യമായി പുറത്തിറങ്ങി നടക്കാതിരിക്കുക. അധികകൊഴുപ്പുള്ള മോര്, പുഴയിലെ വെള്ളം, പകൽ ഉറക്കം, ആയാസമുള്ള ജോലികൾ എന്നിവ ഒഴിവാക്കുക.

ശരീരത്തിന് ബലവും പ്രതിരോധവും നൽകുന്ന ഔഷധങ്ങൾ ആവശ്യമെങ്കിൽ കഴിക്കാം. നിലവേമ്പ് കുടിനീർ കഴിക്കുന്നത് ശരീര പ്രധിരോധശേഷിയെ വർധിപ്പിക്കും, പകർച്ചവ്യാധികളെ ഫലപ്രദമായി തടയും. അമുക്കുര ലേഹ്യം, അമുക്കുര ചൂർണം, പൂനൈകാലി ചൂർണം, ശിലാസത്ത് ഭസ്മം, മുത്തുച്ചിപ്പി ഭസ്മം, അന്നഭേദി സിന്ദൂരം, അയച്ചെന്ദൂരം, കേസരി ലേഹ്യം, നെല്ലിക്ക ലേഹ്യം, കരിസാലൈ ലേഹ്യം എന്നിവയെല്ലാം ശരീരത്തിന് ബലവും ഓജസ്സും നൽകുന്ന മരുന്നുകളാണ്. ആവശ്യാനുസരണം വൈദ്യനിർദ്ദേശപ്രകാരം ഇവ ഉപയോഗിക്കാം. വാതരോഗികൾ വാതകേസരി തൈലം, ലഘുവിഷമുല്ലി തൈലം, ഉഴുന്ന് തൈലം എന്നിവ ശരീരത്തിൽ തേച്ച് ചൂടു പിടിക്കുകയോ ചെറുചൂടുവെള്ളത്തിൽ കുളിക്കുകയോ ചെയ്യാം. ചുക്ക് തൈലം, അരക്ക് തൈലം എന്നിവ തലയിൽ തേയ്ക്കാനായി ഉപയോഗിക്കാം.

വർഷകാലങ്ങളിൽ ശരീരപ്രതിരോധശേഷി വർധിപ്പിക്കാനാണ് പ്രധാനമായും ശ്രദ്ധ ചെലുത്തേണ്ടത്. മേല്പറഞ്ഞ സിദ്ധവൈദ്യരീതികൾ പാലിച്ചാൽ വർഷകാല രോഗങ്ങളെ അതിജീവിക്കാനുള്ള ശരീരബലവും പ്രതിരോധശേഷിയും ലഭിക്കും.

**ഡോ. ഷാബേൽ പി.വി.**
*അഡീഷണൽ മെഡിക്കൽ ഓഫീസർ (സിദ്ധ)*
*എസ്.എച്ച്.ആർ.ഒ.*

## ശാന്തിഗിരി ഷോപ്പിംഗ് മാളിൽ വെള്ളസാരികളുടെ വിപുലമായ ശേഖരം

**റിസർച്ച് സോൺ:** ശാന്തിഗിരി ഷോപ്പിംഗ് മാളിൽ വെള്ള സാരികളുടെ വിപുലമായ ശേഖരം എത്തിച്ചേർന്നിരിക്കുന്നു. കൂടാതെ വെള്ള ടൗവൽ, ടർക്കികൾ, വെള്ള ഷർട്ട് എന്നിവയും ടിഫിൻ ബോക്സ്, പോപ്പി, പ്യൂമ കുടകൾ, സ്കൂൾ ബാഗ്, മഴക്കോട്ടുകൾ എന്നിവയും ലഭ്യമാണ്. കയർ ഉത്പന്നങ്ങൾ, സ്റ്റീൽ ഉത്പന്നങ്ങൾ, റബർ മാറ്റുകൾ എന്നിവയുടെ വൈവിധ്യമാർന്ന കളക്ഷനും ഇവിടെയുണ്ട്.

## ഫോമ കൺവൻഷനിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും

**ചിക്കാഗോ (അമേരിക്ക):** ചിക്കാഗോയിൽ വച്ച് ജൂൺ 21 മുതൽ 24 വരെ നടക്കുന്ന ഫോമ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കാസ്) കുടുംബ കൺവൻഷനിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യ പ്രഭാഷണം നടത്തും. അയ്യായിരത്തോളം പ്രതിനിധികൾ ഈ കൺവൻഷനിൽ പങ്കെടുക്കുന്നുണ്ട്. അമേരിക്കയിലെ ഏറ്റവും വലിയ മലയാളി കൂട്ടായ്മകളിലൊന്നായ ഫോമയിൽ മൂന്ന് ലക്ഷത്തോളം അംഗങ്ങളാണുള്ളത്. പ്രവാസി മലയാളി ഫെഡറേഷന്റെ മുഖ്യ രക്ഷാധികാരി കൂടിയായ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുൻവർഷങ്ങളിലും ഫോമ കൺവൻഷനിൽ വിശിഷ്ടാതിഥിയായിട്ടുണ്ട്.



*ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ആർട്സ് ഡെ ഉദ്ഘാടനം*



*രത്നഗിരി യൂണിറ്റിലെ 'ഹരിതശ്രീ' കൃഷി*

## യൂണിറ്റ് കോഡിനേറ്റർമാർ

*(ഒന്നാം പേജ് തുടർച്ച)*

**കരുണപുരം–** മോഹൻദാസ് വി.എസ്., തുളസീധരൻപിള്ള ബി., അനിൽകുമാർ എസ്., ഓമന എ.പി., ബീന എസ്.കെ., ബൈജു ജി., ഗോപി പി.ജി., സത്ജനദർശന എസ്., വേണു എം.ജി.

**ലക്ഷ്മിപുരം–** ശ്രീജകുമാരി കെ.ബി., വിനോദ് ജി., സുഹാസിനി ഡി., സുഗതൻ എസ്., മണിലാൽ ബി., രഞ്ജിത്ത് പി.കെ., സുപ്രിയ എ., പ്രമീള രവീന്ദ്രൻ

**പാലോട്ടുകോണം–** വിശ്വംഭരൻ എ.ആർ., ഷിബു വി., പ്രമീഷ് പ്രസാദ്, സതി എൻ., സജുരാജ് എം., മണി കെ.എം., അഭിലാഷ് പി., ഗിരിജ സി., സ്വപ്നപാർവ്വതി ആർ.

**പോത്തൻകോട്–** മണിലാൽ റ്റി.ആർ., ശരത്ചന്ദ്രൻ ഡി., പ്രേംരാജ് എം.കെ., വിനോദ് റ്റി.കെ., ഹേമലത റ്റി., ജനലക്ഷ്മി കെ., പ്രസാദ് എം.ആർ., അർച്ചന എസ്. പിള്ള, സീമ ആർ കല്ലുവട്ടം, ശിവചിത്ര എസ്.

**രത്നഗിരി–** ലെജു പി.എസ്., ലത ആർ., ഗിരിജകുമാരി എസ്, സന്തോഷ്കുമാർ ആർ., ബിനു ജി., ആനന്ദവല്ലി റ്റി.എൻ., അജിത എൽ, ബിജു കെ.എൽ., ഭാസി കെ.

**ശാന്തിഗിരി ജംഗ്ഷൻ–** മോഹനൻ എൻ.റ്റി., പ്രദീപ് കുമാർ ബി., വിജയൻ ജി., മുരുകൻ പി., രാധിക കെ.എസ്., അജിത കുമാരി പി., റീജ കെ.എം., രേഖ എസ്.എൽ., ജലജ റ്റി.എസ്., ജനപ്രിയൻ ഡി.

**ശാന്തിപുരം–** പ്രദീപ് എ., രാധാകൃഷ്ണൻ നായർ സി.എൻ., നാരായണൻ എ.കെ., വസിഷ്ഠൻ പി., ഷാജി കെ., സുധാകുമാരി കെ.കെ., ലീജ ആർ., ജഗദേവി എസ്.

**സ്നേഹപുരം–** രാമകൃഷ്ണൻ പി.എസ്., സുനന്ദ സി.പി., കിഷോർ കുമാർ റ്റി.കെ., രാജീവൻ എം., സുനിൽകുമാർ ബി., ഷീജ എം.എം., പ്രേമലത ബി., മഞ്ജു കെ.പി., രജനി എസ്., സുനിൽ കെ.എസ്.

# കാടറിഞ്ഞ് കാട്ടുചെടികൾതൻ മരുന്നറിഞ്ഞ് വനമുത്തശ്ശിക്കൊപ്പം

**നന്ദൻ വി.ബി. കൊഞ്ചിറ**

മഴചൊരിഞ്ഞ് മതിയാക്കി മണിയേറെയായിട്ടും മരങ്ങൾ മഴപൊയ്ത്ത് മതിയാക്കാൻ മടികാട്ടി തുടർന്നുകൊണ്ടിരുന്നു. ഹരിതാഭമാർന്ന കാടിന്റെ മടിത്തട്ടിലൂടെ മരപൊയ്തിൽ നനഞ്ഞ്, ചെറുകൂട്ടങ്ങളായി നടന്നു നീങ്ങുമ്പോൾ അവരുടെ മനസ്സിൽ ആ ദർശനമായിരുന്നു ലക്ഷ്യം. കാട്ടിനുള്ളിൽ ഒരു വനമുത്തശ്ശിയുണ്ടുപോലും. അവർ നാട്ടുവൈദ്യത്തിന്റെ ആശാട്ടിയെന്നാണ് പെരുമ. കാട്ടിലെ അഞ്ഞൂറിലധികം ചെടികളെ തൊട്ട് അവയുടെ പേരും ഔഷധഗുണവും പറയും, അവരുടെ കയ്യിൽനിന്നും നാട്ടുമരുന്ന് വാങ്ങി സേവിച്ചാൽ വലിയ മാറാവ്യാധിയും ഒഴിയും എന്നാണ് കേൾവി. പറഞ്ഞാലും പറഞ്ഞാലും തീരാത്ത അനുഭവകഥകൾ കേട്ടുകേട്ടിരുന്നാൽ നേരം പോകുന്നതറിയില്ലെന്നാണ് വനമുത്തശ്ശിയെ ഇതിനുമുൻപ് കണ്ടവരുടെ അനുഭവസാക്ഷ്യം.

ഭിഷഗ്വര പഠിതാക്കളായ അവർക്ക് കാട്ടിലെ മരച്ചോലകൾക്കുള്ളിൽ വസിക്കുന്ന വനമുത്തശ്ശിയെ കാണാൻ ധൃതിയായി. പ്രകൃതി നമുക്കായി വളർത്തുന്ന ചെടികളിലെ ഔഷധഗുണത്തെക്കുറിച്ച് ഗഹനമായി പഠിക്കുന്ന ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളാണ് മഴയിൽ കുതിർന്ന ചെറുചെടികൾ വകഞ്ഞുമാറ്റി വൻമരങ്ങൾക്കിടയിലൂടെ നടന്നുനീങ്ങുന്നത്. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കോളേജ് ഭൂമിത്ര സേന ക്ലബ്ബ് സംഘടിപ്പിച്ച പരിസ്ഥിതി പഠനയാത്രാസംഘത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും കൽമുനകളിൽ തട്ടി ചിന്നിച്ചിതറി ഒഴുകുന്ന കല്ലാർ നദിയുടെ നാദം, വനപെൺകൊടിയുടെ കൊലുസുനാദംപോലെ ആസ്വദിച്ചു. മരക്കൊമ്പുകളിലും മരപ്പൊത്തുകളിലും നിന്ന് വിവിധതരം കാട്ടുപക്ഷികൾ ശബ്ദിച്ചുകൊണ്ടിരുന്നു. വിദ്യാർത്ഥിസംഘം കാണാൻപോകുന്ന വനമുത്തശ്ശി ലക്ഷ്മിക്കുട്ടിയമ്മക്ക് പത്മശ്രീപദം ലഭിച്ചതിന്റെ ഉണർത്തുപാട്ടാണ് കാട്ടുപക്ഷികൾ പാടുന്നതെന്ന് സംഘത്തിലുള്ളവരിൽ ചിലർ വ്യാഖ്യാനിച്ചു. വിദ്യാർത്ഥികളിൽ കുറുമ്പുകാരാം പെൺകുട്ടികൾ പക്ഷികളുടെ പാട്ട് ഏറ്റുപാടി. മറ്റു ചിലർ നടത്തത്തിനിടയിലും കാട്ടിലെ ചെടിയിലകൾ നുള്ളിയും മണത്തും ഗവേഷണകുതുകികളായി. പൊൻമുടി താഴ്‌വരയിലെ കല്ലാർ വനത്തിലൂടെയുള്ള ശാന്തിഗിരി ഭൂമിത്ര സേന ക്ലബ് അംഗങ്ങളുടെ യാത്ര പൂർണ്ണമായും പ്രകൃതിസൗന്ദര്യം ആസ്വദിച്ചു തന്നെയാണ് നീങ്ങികൊണ്ടിരുന്നത്.

യാത്രാസംഘം ഇടയ്ക്കൊന്നു നിന്നു. കല്ലാർനദി കടക്കണം. മുന്നിൽ ഒരാൾക്ക് മാത്രം നടന്നു നീങ്ങാനാവുന്ന തടിപ്പാലം. സംഘത്തിൽ ചിലർ പാലത്തിലേക്ക് കയറി. കാൽ വച്ചപ്പോൾ തന്നെ ചെറുതായി കുലുങ്ങുന്നുണ്ട്. താഴെ ചെറുതും വലുതുമായ പാറകളിൽ തട്ടി ചിന്നിച്ചിതറിയൊഴുകുന്ന വെള്ളത്തിന്റെ കുത്തൊഴുക്ക്. താഴേക്ക് നോക്കിയാൽ പാലം കടക്കാൻ കഴിയില്ല. സംഘത്തിന്റെ നേതാക്കളെന്ന നിലയിൽ വൈസ് പ്രിൻസിപ്പാൾമാരായ ഡോ.കെ. ജഗന്നാഥൻ, ഡോ.പി.ഹരിഹരൻ എന്നിവർ തടിപ്പാലത്തിലൂടെ മുന്നോട്ടു നോക്കി ഒറ്റനടത്തം. മറുകരയിലെത്തി. പിന്നാലെ അധ്യാപകരായ ഡോ. യു. സൗന്ദരപാണ്ഡ്യൻ, ഡോ. രാധ.എസ്, ഡോ. കെ. നമശിവായം, ഡോ.പി. ഗുണശേഖർ,ഡോ.രാജലക്ഷ്മി. എസ്.പി, ഡോ. എ. ജെന്നിഫർ ലെൻസി,ഡോ.എസ്.ഹേമലത, ഡോ. എ.ഷാനവാസ്, ഡോ. എ.ജയകലയരശി, ഡോ.എസ്. ശങ്കർദേവി, ഡോ. കാവ്യ.എം എന്നിവരും അനധ്യാപകരും വിദ്യാർത്ഥികളും. അവിടെ നിന്നും പാതിദൂരംകൂടി പിന്നിട്ടപ്പോൾ പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മയുടെ വീട്ടിലെത്തി. ഇപ്പോഴതിനെ വീടെന്നു വിളിക്കാം. മുൻപ് അത് മാടമായിരുന്നു. കാട്ടുകമ്പുകൾ കൊണ്ട് കെട്ടിയ കാട്ടിലകളാൽ മേഞ്ഞ മാടം. വീടുവന്നപ്പോഴും മാടത്തിന്റെ ഒരു ഭാഗം നിലനിർത്തിയിട്ടുണ്ട്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ കുട്ടികളും അദ്ധ്യപകരും വീട്ടിലെത്തിയപ്പോൾ പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മ രോഗികളെ നോക്കുന്ന തിരക്കിലായിരുന്നു. ദൂരെയിടങ്ങളിൽനിന്നു വന്നവരാണവർ. ചെന്നിക്കുത്ത്, മഞ്ഞനോവ്, വെരിക്കോസ് തുടങ്ങിയ പലതരം രോഗങ്ങൾ ബാധിച്ചവരാണ്. വിഷം തീണ്ടി എത്തിയവരും കൂട്ടത്തിലുണ്ട്. അമ്മയെ കാണാനായി ഇവർ ക്ഷമയോടെയാണ് കാത്തിരിക്കുന്നത്. എല്ലാവരേയും കണ്ട് മരുന്നു കൊടുത്തു തീർന്നപ്പോൾ സൂര്യൻ പകലിന്റെ പാതിദൂരം പിന്നിട്ടിരുന്നു.



*ലക്ഷ്മിക്കുട്ടിയമ്മ പഠനസംഘത്തോടൊപ്പം*

പരിശോധനാമുറിയിൽ നിന്നും ചിരിച്ചുകൊണ്ടാണ് പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മ ഉമ്മറത്തേക്കു വന്നത്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഭൂമിത്ര സേന ക്ലബ്ബിന്റെ നേതൃത്വത്തിലെത്തിയ വിദ്യാർത്ഥികളും അദ്ധ്യാപകരും വനമുത്തശ്ശിക്ക് ചുറ്റും കൂടി. അവർ കാടിനെക്കുറിച്ചും കാട്ടുചെടികളെക്കുറിച്ചും അവയിലൊരോന്നിലും അടങ്ങിയിരിക്കുന്ന ഔഷധഗുണത്തെക്കുറിച്ചും ചോദിച്ചറിഞ്ഞു. എല്ലാവരുടേയും ചോദ്യങ്ങൾക്ക് സ്വതസിദ്ധമായ ശൈലിയിൽ ലക്ഷ്മിക്കുട്ടിയമ്മ ഉത്തരം നൽകി.

ഇതിനിടയിൽ സ്വന്തം ജീവിതാനുഭവങ്ങളും ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ചതിന്റെ യാത്രാനുഭവങ്ങളും കയറിവന്നു. പെരുമഴപോലെ ഇടതടവില്ലാതെ സംസാരിക്കുന്ന മുത്തശ്ശിക്കുമുന്നിൽ കുട്ടികളും അദ്ധ്യാപകരും വിശപ്പ് മറന്നിരുന്നു. വീട്ടുമുറ്റത്തും പരിസരത്തും നടന്ന് കാട്ടുചെടികളെ കുട്ടികൾക്ക് പരിചയപ്പെടുത്തികൊടുത്തു.

അഖിൽ സുഭാഷ്, തിലോത്തമ. റ്റി.എം, ഹൃദയകുമാരി, ആര്യ ദാമു, അമൽകുമാർ, അർജ്ജുൻ. പി. മോഹൻദാസ്, നൗഷീന, അഞ്ജന കെ. രാജു, ശ്രീകല. കെ. എസ്, ഭൂമിക, ജിഷ്ണു. എസ്. എസ്, പ്രമിഷ എം.പി, അമൃത.ബി, വന്ദന. എസ്, വൈഷ്ണവി എന്നിവരാണ് വിദ്യാർത്ഥികളെ നയിച്ചത്. മുത്തശ്ശിയുടെ വീട്ടിനകത്ത് ഒരു മുറിയിൽ ചുവരുകളിൽ പ്രത്യേകം തയ്യാറാക്കിയ ഷെൽഫിൽ നിറഞ്ഞിരിക്കുന്ന പുരസ്ക്കാരങ്ങൾ പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മക്ക് രാജ്യം നൽകിയ ആദരം എത്ര വലുതാണെന്ന് വിളിച്ചുപറയുന്നു.

കാട്ടരുവിച്ചോലക്കരയിൽ കാടിന്റെ കുളിർമ്മയാർന്ന തുറന്ന അന്തരീക്ഷത്തിൽ പ്രിൻസിപ്പാൾ ഡോ. എ. വാസുകി ദേവിയും കോളേജ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.മഹേഷും ഭൂമിത്ര സേന ക്ലബ്ബിന്റെ കോ-ഓർഡിനേറ്റർ ബി. ഷിബുവും അധ്യാപകരും വിദ്യാർത്ഥികളും വളഞ്ഞിരുന്ന് ഉച്ചഭക്ഷണം കഴിച്ചപ്പോൾ അത് എല്ലാവർക്കും ഒരു നവ്യാനുഭവമായി.

സൂര്യൻ കടലിൽ മുങ്ങിക്കുളിക്കാനുള്ള തന്റെ യാത്ര മുക്കാൽഭാഗം ദൂരവും താണ്ടിയപ്പോൾ വനമുത്തശ്ശിയോട് നന്ദി പറഞ്ഞ് എല്ലാവരും ഇറങ്ങി. പുത്തൻ അറിവും അനുഭവങ്ങളും ഉള്ളിൽ നിറച്ച്, പൊയ്യാൻ വെമ്പൽകൊണ്ടുനിൽക്കുന്ന കാർമേഘങ്ങൾ മൂടികെട്ടിയ ആകാശക്കുടക്കീഴിൽ അവർ കാടിന്റെ മക്കളായി, കാട്ടിലൂടെ രാവിലെ നടന്ന വഴിയിലൂടെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പരിസ്ഥിതി പഠന സംഘം തിരികെ യാത്രയായി.






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala